# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## പൂതക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAKLM P5-954/2021 dt 26/08/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 02/12/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂതക്കുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAKLM P5-954/2021 dt 26/08/21 തീയ്യതി: 02/12/2021

## കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-11-2019 മുതൽ 09-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സൈമൺ. കെ | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 15-07-2021 |
| ശ്രീമതി. അമ്പിളി.എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ | 16-07-2021 | 29-07-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 29-07-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മണിലാൽ വി , ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)
ശ്രീമതി. സോണിയ ജെ സെബാസ്റ്റ്യൻ , അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി. മഞ്ജുളാസാഗർ , അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജുഡിറ്റ് വർഗ്ഗിസ് എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ബിന്ദു നായർ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.കെ.ശ്രീകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. വി.ജി.ഷീജ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ആരതി.എസ്.എസ് | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2019 | 31-03-2020 |
| ഡോ. മായ റ്റി ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷൈനി വിശ്വംഭരൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.അലോഷ്യസ് പി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.സിന്ധു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 01-05-2019 |
| ശ്രീമതി.ഷൈലജ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-05-2019 | 29-12-2019 |
| ശ്രീമതി. ലതിക പി എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 30-12-2019 | 31-03-2020 |
| ശ്രീമതി.ഷീല എൽ കെ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ശ്രീവൽസ പി ശ്രീനിവാസൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ബീന.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സന്ധ്യ (ഇൻ ചാർജ്) | വി.ഇ.ഒ സർക്കിൾ -2 | 01-04-2019 | 11-11-2019 |
| ശ്രീ.സുനീഷ് കെ.ജെ | വി.ഇ.ഒ.സർക്കിൾ-2 | 12-11-2019 | 01-12-2019 |

| | | | |
|---|---|---|---|
| (ഇൻചാർജ്) | | | |
| ശ്രീമതി.മഞ്ജുഷ (ഇൻചാർജ്) | വി.ഇ.ഒ സർക്കിൾ -2 | 02-12-2019 | 08-12-2019 |
| ശ്രീ.വിനോദ് .വി | വി.ഇ.ഒ സർക്കിൾ -2 | 09-12-2019 | 31-03-2020 |
| ശ്രീ. ചന്ദ്രബാബു. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-07-2019 |
| ശ്രീ. എൻ. പ്രദീപ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2019 | 31-03-2020 |
| ഡോ. ബിൻസി. ബി. എസ്. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2019 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Judith Varghese (Senior Grade Auditor, On 18-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Judith Varghese (Senior Grade Auditor, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-11-2021) | 1-2 |
| 3 | വാർഷികധനകാര്യപത്രിക-അപാകതകൾ<br>Written By: Judith Varghese (Senior Grade Auditor, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-09-2021) | 1-2-1 |
| 4 | വാർഷികധനകാര്യപത്രിക-അപാകതകൾ<br>Written By: Judith Varghese (Senior Grade Auditor, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-09-2021) | 1-2-2 |
| 5 | വാർഷിക ധനകാര്യ പത്രിക-അപാകതകൾ<br>Written By: Judith Varghese (Senior Grade Auditor, On 08-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-09-2021) | 1-2-3 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Judith Varghese (Senior Grade Auditor, On 18-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-09-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Bindhu Nair (Auditor, On 22-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-11-2021) | 1-4 |
| 8 | കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത<br>Written By: Bindhu Nair (Auditor, On 08-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-11-2021) | 1-4.1 |
| 9 | പദ്ധതി അവലോകനം<br>Written By: Judith Varghese (Senior Grade Auditor, On 18-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-09-2021) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Judith Varghese (Senior Grade Auditor, On 18-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-09-2021) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Judith Varghese (Senior Grade Auditor, On 18-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-11-2021) | 1-7 |
| 12 | ക്യാഷ് പരിശോധന<br>Written By: Judith Varghese (Senior Grade Auditor, On 18-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-09-2021) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Manilal V (Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-11-2021) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 18-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-11-2021) | 1-10 |
| 15 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Judith Varghese (Senior Grade Auditor, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-12-2021) | 1-11 |
| 16 | സെക്രട്ടറിയുടെ പ്രോജക്റ്റുകൾ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു.<br>Written By: Sonia.J.Sebastian (Asst. Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-12-2021) | 1-12 |
| 17 | | 1-13 |

| | | |
|---|---|---|
| | രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.<br>Written By: Manjula Sagar (Asst. Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-09-2021) | |
| 18 | സ്വയംതൊഴിൽ സംരംഭങ്ങൾ - തുടർ നിരീക്ഷണം നടത്തുന്നില്ല<br>Written By: Manjula Sagar (Asst. Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-09-2021) | 1-14 |
| 19 | പകൽ വീട് - ഗുണഭോക്താക്കളെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല.<br>Written By: Manjula Sagar (Asst. Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-09-2021) | 1-15 |
| 20 | വ്യദ്ധർക്കു കട്ടിൽ- ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയില്ല<br>Written By: Manjula Sagar (Asst. Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-09-2021) | 1-16 |
| 21 | ഒ.ഡി.എഫ്. ബോർഡ്- ശുചിത്വമിഷൻ വിഹിതം ലഭ്യമായിട്ടില്ല<br>Written By: Judith Varghese (Senior Grade Auditor, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-09-2021) | 1-17 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Bindhu Nair (Auditor, On 17-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Bindhu Nair (Auditor, On 18-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-09-2021) | 4-2 |
| 3 | നിക്ഷേപപ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bindhu Nair (Auditor, On 17-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Bindhu Nair (Auditor, On 17-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Bindhu Nair (Auditor, On 17-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Bindhu Nair (Auditor, On 17-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Bindhu Nair (Auditor, On 17-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-09-2021) | 4-7 |
| 8 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Bindhu Nair (Auditor, On 18-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Bindhu Nair (Auditor, On 17-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-09-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bindhu Nair (Auditor, On 17-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Bindhu Nair (Auditor, On 17-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്

17.01.2019 തീയതിയിലെ II - ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 03.01.2020 തീയതിയിലെ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 28.05.2020 | - | - |

### 1-2-1 വാർഷികധനകാര്യപത്രിക-അപാകതകൾ

വാർഷികധനകാര്യപത്രികയിലെ പ്രോപ്പർട്ടി ടാക്സ് ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയസ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല.

### 1-2-2 വാർഷികധനകാര്യപത്രിക-അപാകതകൾ

ആസ്തികളുടെ ഡിപ്രീസിയേഷൻ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-2-3 വാർഷിക ധനകാര്യ പത്രിക-അപാകതകൾ

സംയുക്തപ്രോജക്ടുകൾക്കായുള്ള ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകൾ അതാത് ലെഡ്ജർ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലെഡ്ജർ ഹെഡ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകൾ | ലെഡ്ജർ പ്രകാരമുള്ള കണക്കുകൾ |
|---|---|---|
| 160300101 | 139000 | 1595344 |
| 160300102 | 1378220 | 1853220 |
| 320700204 | 617639 | 142639 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 28818461 |
| വരവ് | 79943665 |
| ആകെ | 108762126 |
| ചെലവ് | 88010380 |
| നീക്കിയിരിപ്പ് | 20751746 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 559673 |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് ക്യൂ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബിൽ തുക |
| വികസനഫണ്ട് (ജനറൽ) | 0 | 15945000 | 15945000 | 15675158 | 269842 | 243250 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10912000 | 10912000 | 9109416 | 1802584 | 369903 |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 | - |
| ധനകാര്യകമ്മിഷൻ ഗ്രാന്റ്(Untied) | 0 | 11806911 | 11806911 | 8409001 | 3397910 | 1976868 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 11076000 | 11076000 | 6415658 | 4660342 | 4190401 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 4798000 | 4798000 | 4395103 | 402897 | 402897 |
| സംസ്ഥാനവിഷ്കൃത ഗ്രാന്റ് | | | | | | |
| കാവുകളുടെ സംരക്ഷണം | 0 | 440000 | 440000 | - | 440000 | |
| ഇൻസെന്റീവ് ബോണസ് | 0 | 578000 | 578000 | 578000 | - | |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 0 | 5800000 | 5800000 | 5100000 | 700000 | - |
| ശുചിത്വമിഷൻ | 687000 | 60000 | 747000 | 60000 | 687000 | - |
| കേരളോൽസവം | - | 20000 | 20000 | 20000 | - | - |
| സാക്ഷരത | 0 | 0 | 0 | 0 | 0 | - |
| ഖരമാലിന്യം | 750790 | - | 750790 | - | 750790 | - |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 2207129 | 1219988 | 3427117 | 1370764 | 2056353 | - |
| MGNREGS | 4709 | 23871376 | 23876085 | 23874624 | 1461 | - |
| TSC | 297578 | 11903 | 309481 | 25 | 309456 | - |
| കെ എസ് പി ബയോ ആർമി ട്രെയിനിംഗ് | 0 | 10000 | 10000 | 10000 | 0 | |

*നീക്കിയിരിപ്പ്/ലാപ്സായ തുകയിൽ 2019-20 സാമ്പത്തിക വർഷത്തെ ക്യൂബിൽ തുക കൂടി ഉൾപ്പെട്ടിട്ടുണ്ട്.

**<u>1-4.1 കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത</u>**

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം ഫണ്ടുകളുടെ വരവ്, ചെലവ് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിലുൾപ്പെടുത്തിയിട്ടില്ല.

**<u>1-5 പദ്ധതി അവലോകനം</u>**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 174 | 113057174 | 124 | 68412864 | 17 | 33 | 71.3 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4709 | 1115814 | 1120523 | 1119062 | 1461 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 22755562 | 22755562 | 22755562 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 252480 | 184 |
| കർഷകതൊഴിലാളി പെൻഷൻ | 1390800 | 256 |
| വിധവാപെൻഷൻ | 10108200 | 1874 |
| വാർദ്ധക്യകാലപെൻഷൻ | 10861200 | 2207 |
| വികലാംഗപെൻഷൻ | 2609000 | 471 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 360000 | 12 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത വനിതകൾക്കുള്ള പെൻഷൻ | 1599000 | 28 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2021 ന് സ്ഥാപന സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,552/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

ബജറ്റ് സംവിധാനത്തിലൂടെ വരവ് ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.
വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.
സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.
സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.
ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം

മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

ലൈഫ് ഭവന പദ്ധതി സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2020 | 1/2020 - 3/2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.4.2017 | 2012-13 - 2016-17 | 31.5.2017 |

## 1-11 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പൂതക്കുളം പഞ്ചായത്തിൽ 2019-20 വർഷം താഴെപ്പറയുന്ന ചെലവുകൾക്ക് തനതുഫണ്ടിൽനിന്നും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 27500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം | വൌച്ചർനം/ തീയതി | വിഷയം | ചെക്ക്നം/ തീയതി | നൽകിയ തുക |
|---|---|---|---|---|
| 1 | 21900731 22/10/19 | ജില്ലാതലതുടർവിദ്യാഭ്യാസകലോത്സവം കോർഡിനേറ്റർക്ക് വിദ്യാഭ്യാസകലോത്സവം നടത്തുന്നതിന് വിഹിതം നൽകിയതുക | 963116 22/10/19 | 2500/- |
| 2 | 21900960 23/12/19 | ലൈഫ് മിഷൻഗുണഭോക്താക്കളുടെ കുടുംബസംഗമം നടത്തുന്നതിന് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയതുക | 963132 23/12/19 | 20000/- |
| 3 | 21900962 23/12/19 | ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ കുടുംബസംഗമം ജില്ലാതലത്തിൽ നടത്തുന്നതിന് ജില്ലാപഞ്ചായത്തിന് വിഹിതം നൽകിയതുക | 963134 23/12/19 | 5000/- |

മുകളിൽ പരാമർശിച്ച ഫണ്ട് വിനിയോഗത്തിന്റെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞുനൽകിയ എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക-27500/-

ഓഡിറ്റ് എൻക്വയറി നം-2 തീയതി-19/7/21

## 1-12 സെക്രട്ടറിയുടെ പ്രോജക്ടുകൾ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു.

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ തുക കൈപ്പറ്റിയ ഏജൻസികൾ ലഭ്യമാക്കിയ പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമനം | പദ്ധതി | തുക | ഫണ്ടിനം | ബിൽ നം/ തീയതി | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|---|
| 1 | ഐ.കെ.എമ്മിനു വിഹിതം നൽകൽ (02/2020) | 96,175 | വികസനഫണ്ട്(പൊതുവിഭാഗം) | 24/26.09.2019 | എക്സിക്യൂട്ടീവ് ഡയറക്ടർ, |

| | | | | | |
|---|---|---|---|---|---|
| | | | | | ഇൻഫർമേഷൻ കേരള മിഷൻ |
| 2 | ജീവനം-വിഹിതം നൽകൽ(17/2020) | 50,000 | വികസനഫണ്ട്(പൊതുവിഭാഗം) | 17/22.08.2019 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കൊല്ലം |
| 3 | പി.എം.എ.വൈ വിഹിതം നൽകൽ -എസ്.സി.പി(144/2020) | 3,50,000 | വികസനഫണ്ട്(എസ്.സി.പി) | 16/22.08.2019 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി,ഇത്തിക്കര |
| | ആകെ | 4,96,175/- | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയും കൈപ്പറ്റിയ തുക പൂർണ്ണമായി വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നത് വരെ മേൽ ഇനങ്ങൾക്ക നൽകിയ 4,96,175/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം-11/27.07.2021

**1-13 രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.**

പദ്ധതി-എസ്.0043/20- ഭിന്നശേഷിയുള്ള കുട്ടികളുടെ കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കൽ

അടങ്കൽ- 75,000/-രൂപ (തനത് ഫണ്ട്)

ചെലവ്- 50,060/-രൂപ

| ചെക്ക് നം./തീയതി | തുക (രൂപ) |
|---|---|
| 2741759/25.9.2019 | 29,810/- |
| 2741769/15.1.2020 | 5250/- |
| 2741780/6.3.2020 | 15,000/- |

നിർവഹണം- ഐ.സി.ഡി.എസ് സൂപ്പർവൈസർ

2019-20 വർഷം ഭിന്നശേഷിയുള്ള കുട്ടികളുടെ കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കൽ എന്ന പദ്ധതിക്കായി ക്രിയേറ്റീവ് ഡിസൈൻസ് എന്ന സ്ഥാപനത്തിൽ നിന്നും 7,200/-രൂപക്ക് (ചെക്ക് നം. 2741759 തീയതി 25.09.2019) 75 മെമന്റോകളും കൊല്ലം ശ്രീനിവാസ് ഫാബ്രിക്സിൽ നിന്നും (ചെക്ക് നം. 2741780 തീയതി 06.03.2020) 11,868/-രൂപക്ക് യൂണിഫോമും വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്റ്റോക്കിൽ ചേർത്തുവെന്നും രേഖകൾ ബഡ്സ് സ്കൂൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയെന്നുമുള്ള മറുപടി ലഭ്യമാക്കിയെങ്കിലും സ്റ്റോക്ക് രജിസ്റ്ററോ ബഡ്സ് സ്കൂൾ രജിസ്റ്ററോ പരിശോധനക്ക ഹാജരാക്കിയില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 19,068/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 14/ 27.7.2021

**1-14 സ്വയംതൊഴിൽ സംരംഭങ്ങൾ - തുടർ നിരീക്ഷണം നടത്തുന്നില്ല**

| | |
|---|---|
| പദ്ധതി | എസ്.0051/20- സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി ധനസഹായം നൽകൽ |
| അടങ്കൽ | 3 ലക്ഷം രൂപ (വികസന ഫണ്ട്) |

| | |
|---|---|
| ചെലവ് | 1,00,000/- രൂപ (ബിൽ നം.25/19-20 ; 22.2.2020 ; 50,000/- രൂപ, ബിൽ നം.33/19-20 ; 26.2.2020 ; 50,000/- രൂപ ) |
| നിർവഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

2019-20 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ എസ്.0051/20- സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി ധനസഹായം നൽകൽ എന്ന പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിലെ ഫ്ലോറോൺ JLG, ഗ്ലോബൽ ഹെൽപ്പ് ഡെസ്ക് യൂണിറ്റ് എന്നീ രണ്ട് ഗ്രൂപ്പുകൾക്ക് 50,000/-രൂപ വീതം നൽകിയിട്ടുണ്ട്. 18-ാം വാർഡിലെ ഫ്ലോറോൺ മാറ്റ് നിർമ്മാണ ഗ്രൂപ്പ് , ഗ്രാമ പഞ്ചായത്തിനോടനുബന്ധമായി പ്രവർത്തിക്കുന്ന ഗ്ലോബൽ ഹെൽപ്പ് ഡെസ്ക് യൂണിറ്റ് എന്നിവയുടെ തുടർ പ്രവർത്തനം സംബന്ധിയായ യാതൊരു നിരീക്ഷണവും നടത്തുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ഈ ഗ്രൂപ്പുകൾ നന്നായി പ്രവർത്തിക്കുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 2020-21 വർഷം ഇതേ പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും നടപ്പാക്കിയില്ല. പകർച്ചവ്യാധിയുടെ ഇക്കാലത്ത് താഴ്ന്ന വരുമാനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനായി ഇത്തരം പദ്ധതികൾ പ്രോത്സാഹിപ്പിക്കുകയും അവയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് ശരിയായ നിരീക്ഷണം നടത്തേണ്ടതും ഏറെ ആവശ്യമാണ്. പദ്ധതി ലക്ഷ്യം വിജയകരമായി കൈവരിക്കുന്നതിന് കുടുംബശ്രീ ഗ്രൂപ്പുകളിൽ ശരിയായ അവബോധം ഉണ്ടാക്കിയെടുക്കേണ്ടതും ദിശാബോധം നൽകേണ്ടതുമാണ്. ഇതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം.9/ 27.7.2021

**<u>1-15 പകൽ വീട് - ഗുണഭോക്താക്കളെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല.</u>**

പദ്ധതി- എസ്.0161/20 പകൽ വീട്- അനുബന്ധ പ്രവർത്തനങ്ങൾ

അടങ്കൽ- 3,00,000/-രൂപ (തനതു ഫണ്ട്)

ചെലവ്- 1,65,030/-രൂപ ( ചെക്ക് നം.2741768; 15.10.2019; 6125/-

ചെക്ക് നം. 2741772; 28.10.2019; 13,679/-

ചെക്ക് നം. 2741777; 7.11.2019; 9850/-

ചെക്ക് നം.2741787; 22.11.2019; 12738/-

ചെക്ക് നം.2741791; 11.12.2019; 31572/-

ചെക്ക് നം.2741801; 8.1.2020; 26035/-)

നിർവഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

2019-20 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതിയുടെ പ്രാരംഭമെന്ന നിലയ്ക്ക് 25.9.2019 ലെ കമ്മിറ്റി തീരുമാനം പ്രകാരം 2019 ഒക്ടോബർ മാസം 1ന് പ്രവർത്തനം ആരംഭിക്കുന്നതിനായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വാർഡ് മെമ്പർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ സംബന്ധിയായ യാതൊരു വിവരവും ഓഡിറ്റ് അന്വേഷണം നൽകിയിട്ടും ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ രേഖകളും അറ്റൻൻസ് രജിസ്റ്ററുകളും പകൽവീടിൽ സൂക്ഷിച്ചിട്ടുണ്ടെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇവയാതൊന്നും നിർവഹണ ഉദ്യോഗസ്ഥ പരിശോധനക്ക് ഹാജരാക്കിയില്ല. ഗുണഭോക്താക്കളുടെ വിവരം പരിശോധനക്ക

ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കളെ കണ്ടെത്തിയതിന് ശേഷമാണോ പകൽവീട് പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമല്ല. ഈ വിഷയങ്ങൾക്ക് മതിയായ വിശദീകരണം നിർവഹണ ഉദ്യോഗസ്ഥ നൽകേണ്ടതാണ്. പകൽവീട് പ്രവർത്തനങ്ങൾക്കായി 165030/-രൂപ 2019-20 വർഷം ചെലവായിട്ടുണ്ട്.

കൂടാതെ 1.10.2019 ലെ 3/6 നം. കമ്മിറ്റി തീരുമാനം പ്രകാരം പകൽവീടിന് സംഭാവന നൽകുന്നവരുടെ തുക സ്വീകരിക്കുന്നതിനായി ബഹു.പ്രസിഡൻറ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങാനും സംഭാവന രസീത് പ്രിൻറ് ചെയ്യാനും തീരുമാനിച്ചിരുന്നു. തുടർ നടപടികളുടെ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയത്. സംഭാവനയായി ലഭിക്കുന്ന തുകകൾ സ്വീകരിക്കാൻ രസീത് പ്രിൻറ് ചെയ്തുവെങ്കിൽ വിശദാംശങ്ങൾ, സംഭാവനതുകകൾ ഏത് അക്കൗണ്ടിൽ സൂക്ഷിക്കുന്നുവെന്ന വിവരവും വ്യക്തമല്ല.

ഓഡിറ്റ് എൻക്വയറി നം. 14/ 27.7.2021

**<u>1-16 വൃദ്ധർക്കു കട്ടിൽ- ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയില്ല</u>**

| | |
|---|---|
| പദ്ധതി- | എസ്.0115/20- വൃദ്ധർക്ക് കട്ടിൽ |
| അടങ്കൽ | 2,69,069/-രൂപ (വികസന ഫണ്ട്-2,67,369/-<br>തനതു ഫണ്ട്- 1700/-) |
| ചെലവ്- | 2,67,369/-രൂപ (ബിൽ നം.1/19-20, 16.5.2019) |
| നിർവഹണം- | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2019-20 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതിയിൽ 22.12.2019 തീയതിയിലെ 9(1)-ാം നം തീരുമാന പ്രകാരം കട്ടിലുകൾ വിതരണം ചെയ്യുന്നതിനായി കുറഞ്ഞ തുക ക്വാട്ട് ചെയ്ത തമ്പുരാൻകാലയിൽ ട്രെയ്ഡേഴ്സിനെ തെരഞ്ഞെടുത്തെങ്കിലും ഗുണനിലവാരം കുറവായതിനാൽ 2.2.2020 ലെ 4(1) നം. തീരുമാന പ്രകാരം റീ-ടെണ്ടർ ക്ഷണിക്കാൻ തീരുമാനിച്ചു. തുടർന്ന് ചൈത്രം ഇൻഡസ്ട്രീസ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളാണ് ഫയലിൽ ലഭ്യമായത്. എന്നാൽ (ഇൻവോയിസ് നം. 206/2019-20 തീയതി 12.05.2019) റീ-ടെണ്ടർ ക്ഷണിച്ചതിന്റെയും ഗുണനിലവാര പരിശോധനയുടേയും വിശദാംശങ്ങൾ പരിശോധനക്കു ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ പുനർ ദർഘാസിന്റെയും ഗുണനിലവാര പരിശോധനയുടേയും രേഖകൾ യാതൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ തന്നെ പുനർ ദർഘാസ് ക്ഷണിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. പദ്ധതി രേഖകൾ കൃത്യമാക്കി സൂക്ഷിക്കാത്തത് പദ്ധതി നിർവ്വഹണ അധികാരിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പ് വരുത്തി മാത്രം പദ്ധതി നിർവ്വഹണം നടത്തുന്നതിന് മേലിൽ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.14/27.7.2021

**<u>1-17 ഒ.ഡി.എഫ്. ബോർഡ്- ശുചിത്വമിഷൻ വിഹിതം ലഭ്യമായിട്ടില്ല</u>**

വൌച്ചർ നം-21900380, ചെക്ക് നം. – 28369, Dated 26-7-19

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 15-7-19ലെ DDP-KLM-430/2019 -C4 നം കത്ത് പ്രകാരം 4 ചുവരെഴുത്തുകളും ഒരു ഒ.ഡി.എഫ് പ്രഖ്യാപനബോർഡും സ്ഥാപിക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്. ചുവരെഴുത്തിന് പരമാവധി 2625/-രൂപയും ബോർഡിന് പരമാവധി 6500/-രൂപയും ശുചിത്വമിഷനിൽ നിന്ന് അനുവദിച്ച് നൽകുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡുകൾ സ്ഥാപിച്ചതിനുശേഷം തുക ശുചിത്വമിഷനിൽ നിന്ന് കൈപ്പറ്റി ഡി.ഡി.പിയെ അറിയിക്കണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ വൌച്ചറിനോടൊപ്പം സമർപ്പിച്ച രേഖകളിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ അഖിലേഷ് എന്ന വ്യക്തിയുടെ ക്വട്ടേഷൻ സ്വീകരിക്കുകയും 16930/-രൂപ 26-7-19ൽ നൽകുകയും ചെയ്തു. എന്നാൽ ശുചിത്വമിഷനിൽ നിന്നും തുക കൈപ്പറ്റിയതിന്റെയും വിവരം ഡി.ഡി.പിയെ അറിയിച്ചതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ശുചിത്വമിഷനിൽ നിന്നും തുക കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. തുക ലഭ്യമാകുന്നതുവരെ 16,930/-രൂപ തടസ്സത്തിൽ വക്കുന്നു. മതിയായ രേഖകൾ ലഭ്യമാക്കി 16,930/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.2/19.7.2021.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-2020 | 22.7.2021 – 23.7.2021 | KSA.KLM.P5- 954/2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ | 2019-20 | 307800/- | ലൈഫ് ഭവന പദ്ധതി (എസ് സി പി) | 307800/- | - |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 170859/- | സമഗ്ര നെൽകൃഷി വികസനം | 170859/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000/- | അങ്കണവാടി- പോഷകാഹാരം | 200000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 275000/- | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 275000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 190000/- | പഴയ കടവ്- പീന്തമുക്ക് റോഡ് കോൺക്രീറ്റിംഗ് (വാർഡ്- 15) | 190000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 120000/- | ആലുവിള- പണ്ടാരവിള റോഡ് കോൺക്രീറ്റിംഗ് വാർഡ്- 18) | 120000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 150000/- | വില്ലേജ് ഓഫീസ്- പരശ്ശുംമൂട് ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് (വാർഡ്- 3) (എസ് സി പി) | 150000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000/- | പുല്ലാഞ്ഞിവിള- ബ്ലോക്ക്മരം റോഡ് കോൺക്രീറ്റിംഗ് (വാർഡ്- 5) | 100000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000/- | ഉണ്ണിവിള റോഡ് കോൺക്രീറ്റിംഗ് (വാർഡ്- 6) | 100000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 125000/- | രോഷ്നി നിവാസ്- അണ്ടൂപറമ്പ്- റോഡ് കോൺക്രീറ്റിംഗ് (വാർഡ്- 7) | 125000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 125000/- | കുരകുളം ഏലാ റോഡ് കോൺക്രീറ്റിംഗ് (വാർഡ്- 8) | 125000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 125000/- | യുവരശ്മി ക്ലബ് വാറുവിള റോഡ് കോൺക്രീറ്റിംഗ് (വാർഡ്-3) | 125000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 125000/- | ആരാധന ജം പുല്ലുവിള റോഡ് നിർമാണം (വാർഡ്- 11) | 125000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 150000/- | കല്ലുമല- കാഷ്യൂ ഫാക്ടറി റോഡ് കോൺക്രീറ്റിംഗ് (വാർഡ്- ) (എസ് സി പി) | 0 | 150000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 190000/- | മാവിള അതിരിട്ടവിള റോഡ് നിർമാണം (വാർഡ്-13 ) | 190000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000/- | ബി ആർ സി കെട്ടിടം ഒന്നാം നില നിർമ്മാണം | 0 | 500000/- |
| ജില്ലാ പഞ്ചായത്ത് | 2019-20 | 417573/- | ചെമ്പകശ്ശേരി ടിവി കിയോസ്ക്- പുന്നേക്കുളം മാടൻനട റോഡ് മെയിന്റനൻസ് (വാർഡ്- 9) | 417573/- | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 730971/- | കളിപ്പൊയ്ക അടിസ്ഥാന സൗകര്യ വികസനം | 730971/- | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 139000/- | അങ്കണവാടി- പോഷകാഹാരം | 139000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000/- | എസ്.എൻ.പി. | 200000/- | - |
| ബ്ലോക്ക് | 2019-20 | 275000/- | ഭിന്നശേഷിക്കാരായ | 275000/- | - |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 15,57,629/- രൂപ വരവുണ്ട്. മുൻബാക്കി 74,22,428/- രൂപയടക്കം 8980057/-രൂപയിൽ 8980057/- രൂപയും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | സ.ഉ.68/2018 തീയതി-18/5/18 | 1557629/- | 14582428/- | 1264705/- | | 14875352/- |
| ഇ.എം.എസ് ലോൺ | സ.ഉ.316/2010/ തസ്വഭവ | 159045000/- | 1590450/- | 1590450/- | | 0 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2000-01 | 4-02-05 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥി കൾക്കുള്ള പദ്ധതി | അക്കൗണ്ട്സ് കമ്മറ്റി പരിഗണ നയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | - | - | - |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 27500/- | ശ്രീമതി. വി ജി ഷീജ , സെക്രട്ടറി |
| 1-12 | 496175/- | ശ്രീമതി. വി ജി ഷീജ , സെക്രട്ടറി |
| 1-13 | 19068/- | ശ്രീമതി. ശൈലജ , ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-17 | 16930/- | ശ്രീമതി. വി ജി ഷീജ , സെക്രട്ടറി |

**(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. വി ജി ഷീജ , സെക്രട്ടറി | സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത് | കോതേത്ത് വീട് , പൊഴിക്കര, പരവൂർ പി ഒ -691301 |
| ശ്രീമതി. ശൈലജ , ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, കൊല്ലം അർബൻ | വാരുവിള വീട് , പൂതക്കുളം പി ഒ -691301 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ എസ് എ. കെ എൽ എം-പി 5/371(6)/2018 , തീ 23-2-18 | 1 |

| | | |
|---|---|---|
| 2003-04 | കെ എസ് എ. കെ എൽ എം-പി 5/371(7)/2018 , തീ 23-2-18 | 2 |
| 2004-05 | കെ എസ് എ. കെ എൽ എം-പി 5/371(8)/2018 , തീ 23-2-18 | 2 |
| 2005-06 | കെ എസ് എ. കെ എൽ എം-പി 5/371(9)/2018 , തീ 23-2-18 | 2 |
| 2006-07 | എൽ എഫ് ക്യൂ- പി-7/1237 (11)/14 തീ 13.6.14 | 5 |
| 2007-08 | എൽ എഫ് ക്യൂ- പി-7/1237(12)/14 തീ 13.6.14 | 3 |
| 2008-09 | എൽ എഫ് ക്യൂ- പി-7/1237(13) /14 തീ 13.6.14 | 2 |
| 2009-10 | എൽ എഫ് ക്യൂ- പി-7/1237(14) /14 തീ 13.6.14 | 2 |
| 2010-11 | എൽ എഫ് ക്യൂ- പി-7/1237 (15) /14 തീ 13.6.14 | 4 |
| 2011-12 | എൽ എഫ് ക്യൂ- പി7/1565/14 തീ 05.09.14 | 26 |
| 2012-13 & 2013-14 | എൽ എഫ് ക്യൂ- പി-7/1574/16 തീ 18.05.17 | 20 |
| 2014-15 | കെ എസ് എ.കെ എൽ എം. പി-7/1574/2016 തീ 18.05.2017 | 21 |
| 2015-16 | കെ എസ് എ.കെ എൽ എം. പി-7/326/17 തീ 30.10.2017 | 11 |
| 2016-17 | കെ എസ് എ.കെ എൽ എം. പി-5/1734/2017 തീ 20.01.2018 | 20 |
| 2017-18 | കെ എസ് എ.കെ എൽ എം. പി-5/1394/2018 തീ.10.09.2018 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ എസ് എ.കെ എൽ എം. പി-5/1859/2019 തീ. 06.02.2020 | 12 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**